## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3428 — 18.2.2013 - ൽ മറുപടിയ്ക്ക്

### കൊപ്രാ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>,, വി. റ്റി. ബൽറാം<br>,, എം. പി. വിൻസെന്റ് | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കൊപ്രാ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br>(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ ; | (എ) & (ബി) & (സി) | 2012 സീസണിലേയ്ക്ക് കേന്ദ്രസർക്കാർ നാളീകേരത്തിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ടകൊപ്രയ്ക്ക് 5350 രൂപ നിരക്കിലും സംസ്ഥാനത്ത് കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന കൊപ്ര സംഭരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) കൊപ്രാ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും അവരുടെ സഹകരണ സംഘങ്ങളിലൂടെയും നാളീകേര ഉല്പാദക സംഘങ്ങളിലൂടെയുമാണ് കൊപ്ര സംഭരണം നടത്തുന്നത്. സംഭരിക്കുന്ന കൊപ്രയിൽ നിശ്ചിത ഗുണനിലവാരത്തോടു കൂടിയത് നാഫെഡ് സംഭരിക്കുന്നു. കൊപ്ര സംഭരിക്കുന്നതിന് പുറമേ സഹകരണ സംഘങ്ങളിലൂടെ പൊതിച്ച നാളീകേരവും സംഭരിക്കുന്നുണ്ട്. |

ഡ്രയർ സംവിധാനമുള്ള സഹകരണ സംഘങ്ങൾ പച്ച നാളീകേരം സംഭരിച്ച് കൊപ്രയാക്കുന്നുണ്ട്. സംഭരണ പദ്ധതി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അധികമായി ചില ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമേ ചാക്കൊന്നിന് 10 രൂപ വീതം അധികമായും വിവിധ സംഭരണ ഏജൻസികൾ വഴി സംഭരിക്കുന്ന കൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസെന്റീവും സർക്കാർ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ